# സേവാഭാരതി
## ഇരിങ്ങാലക്കുട
Reg. No : 2/2008

ശ്രീ കൂടൽമാണിക്യം ക്ഷേത്രം കിഴക്കേനട, ഇരിങ്ങാലക്കുട
തൃശൂർ ജില്ല, കേരള – 680 121, ഫോൺ : 9496649657
www.sevabharathiirinjalakuda.com, E-mail: sevabharathiirinjalakuda@gmail.com, : sevabharathiirinjalakuda


# 2022–2023 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

ബഹുമാന്യ മെമ്പർമാരെ,

സേവാഭാരതിയുടെ 14–ാമത് വാർഷിക പൊതുയോഗം 31–07–23 ഞായറാഴ്ച വൈകീട്ട് 4 മണിക്ക് ഓഫീസിൽ വെച്ച് പ്രസിഡന്റ് ശ്രീ. നളിൻബാബുവിന്റെ അദ്ധ്യക്ഷതയിൽ ചേരുകയും ഇരുപത് അംഗങ്ങൾ പങ്കെടുക്കുകയും 2021 –22 വർഷത്തെ പൊതുയോഗ മിനിറ്റ്സും ഓഡിറ്റ് ചെയ്ത കണക്കുകളും അവതരിപ്പിച്ച് പാസാക്കി. പുതിയ ഭാരവാഹികളായി താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.

1. പ്രസിഡന്റ്, നളിൻബാബു എസ്. മേനോൻ
2. വൈസ് പ്രസിഡന്റുമാർ – കെ. രവീന്ദ്രൻ, ശിവദാസ് പള്ളിപ്പാട്ട്
3. ജനറൽ സെക്രട്ടറി, പി.കെ. ഉണ്ണികൃഷ്ണൻ
4. ജോ. സെക്രട്ടറിമാർ – പി.എസ്. ജയശങ്കർ, വി. സായ്റാം.
5. ട്രഷറർ – കെ.ആർ. സുബ്രഹ്മണ്യൻ
6. കമ്മിറ്റി അംഗങ്ങൾ : ഐ.കെ. ശിവാനന്ദൻ, സതീഷ് പള്ളിച്ചാടത്ത്, പി. കൃഷ്ണകുമാർ, ജയന്തി രാഘവൻ, രമാദേവി കേശവദാസ്, ആർ.ജി. ജയദേവൻ, ടി.ആർ. ലിബിൻരാജ്, ഒ.എൻ. സുരേഷ്

സേവാഭാരതിയുടെ 15–ാം വാർഷിക യോഗത്തിലേയ്ക്ക് എല്ലാ മാന്യ മെമ്പർമാരേയും സഹർഷം സ്വാഗതം ചെയ്തുകൊണ്ട് 2022–23 വർഷത്തെ പ്രവർത്തനറിപ്പോർട്ട് യോഗത്തിന് മുമ്പാകെ സമർപ്പിയ്ക്കുന്നു.

## അനുശോചനം :

സാകേതത്തിലെ അന്തേവാസിയായിരുന്ന കമലം അമ്മ, കൊടുങ്ങല്ലൂർ സ്വദേശി അയ്യപ്പൻ, പറവൂർ സത്യനാഥൻ, അയ്യന്തോൾ സ്വദേശി അരവിന്ദാക്ഷമേനോൻ, എ.എസ്. മണി. എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

## സംഗമേശ്വര വാനപ്രസ്ഥാശ്രമം :

നമ്മുടെ അഭിമാന പ്രവർത്തനമായ സംഗമേശ്വര വാനപ്രസ്ഥാശ്രമത്തിന്റെ കെട്ടിടനിർമ്മാണം പൂർത്തിയാക്കാനും ഉദ്ഘാടനം നടത്തുവാനും സാധിച്ചത് അഭിമാനകരമായ നേട്ടംതന്നെയാണ്. ഉദ്ദേശം 1.90 കോടി രൂപ മൊത്തം ചിലവുവന്ന പദ്ധതി സാമ്പത്തിക അച്ചടക്കത്തോടെ നടപ്പിലാക്കിയത് നമ്മുടെ കൂട്ടായ പ്രവർത്തനത്തിന്റെ നേർകാഴ്ചയാണ്. കേരള ഹൈക്കോടതി ജഡ്ജി ശ്രീ. സി. എസ്. ഡയാസ്, മുൻ ഡി.ജി.പി. ശ്രീ. ജേക്കബ് തോമാസ്, സേവാഭാരതി സംസ്ഥാന അദ്ധ്യക്ഷൻ ഡോക്ടർ രഞ്ജിത്ത് വിജയഹരി, ശ്രീമദ് പുരുഷോത്തമാനന്ദ സരസ്വതി, ആർ.എസ്.എസ്. പ്രാന്തസഹസേവാപ്രമുഖ് ശ്രീ. യു.എൻ. ഹരിദാസ് തുടങ്ങിയ പ്രമുഖ വ്യക്തികൾ പങ്കെടുക്കുകയുണ്ടായി. സമ്മേളനത്തിൽ പങ്കെടുത്ത മുഴുവൻ പേർക്കും സമൃദ്ധമായ സദ്യനൽകുകയുണ്ടായി. സമ്മേളനത്തോടനുബന്ധിച്ച് നാം ആഗ്രഹിച്ചിരുന്ന കഴിഞ്ഞ പ്രവർത്തനങ്ങളെ അവലോകനം ചെയ്തുകൊണ്ടുള്ള സേവനീർ പ്രകാശനം ചെയ്യാൻ കഴിഞ്ഞു എന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്. 4 ലക്ഷം രൂപ പരസ്യശേഖരണവും പ്രസിദ്ധീകരണ ചിലവ് കഴിഞ്ഞ് 2.5 ലക്ഷം രൂപ നീക്കിയിരിപ്പ് ഉണ്ടാക്കിയതും കിട്ടിയ പരസ്യത്തിന്റെ മുഴുവൻ പണവും സമാഹരിയ്ക്കാൻ കഴിഞ്ഞുവെന്നത് നമുക്ക് സമൂഹം നൽകുന്ന അംഗീകാരം തന്നെയാണ്. ഉദ്ഘാടനത്തോടനുബന്ധിച്ച വാസ്തുഹോമം, ഭഗവതിസേവ എന്നിവ ഭക്തിനിർഭരമായിരുന്നു. സേവാഭാരതിയുടെ മുൻകാല പ്രവർത്തകരും അഭ്യുദയകാംക്ഷികളും ചേർന്ന് നടന്ന സംഗമം ഒരു വേറിട്ട അനുഭവം പങ്കുവയ്ക്കുന്ന ചടങ്ങായിരുന്നു.

കെട്ടിടനിർമ്മാണത്തിന് നിർലോഭമായി സഹകരിച്ച എല്ലാ സുമനസ്സുകളോടും അഭ്യുദയ കാംക്ഷികളോടും ഈ അവസരത്തിൽ പ്രത്യേകം നന്ദിരേഖപ്പെടുത്തുന്നു. നമ്മുടെ അംഗവും സജീവ പ്രവർത്തകനുമായ ശ്രീ. പി. കൃഷ്ണകുമാർ കെട്ടിടനിർമ്മാണത്തിന് മേൽനോട്ടം വഹിച്ച് ഏവർക്കും സ്വീകാര്യത ഉണ്ടാക്കിയ പ്രവർത്തനങ്ങൾക്ക് പ്രത്യേകം നന്ദിരേഖപ്പെടുത്തട്ടെ. ജനറേറ്റർ സംഭാവന നൽകിയ മണപ്പുറം ഫിനാൻസിനോടും , ലിഫ്റ്റ് സംഭാവന നൽകിയ എലിക്സർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയോടും കൃതജ്ഞത രേഖപ്പെടുത്തുന്നു. ഫെബ്രുവരി 15 ഓടുകൂടി അന്തേവാസികളെ മ്ാറ്റി താമസിപ്പിക്കുകയുണ്ടായി. അന്തേവാസികൾ സാകേതത്തിൽ ആയതിനാൽ ഓണാഘോഷം സാകേതത്തിലാണ് ആഘോഷിച്ചത്.

## സ്വന്തമായ ഓഫീസ് കെട്ടിടം :

പ്രവർത്തന മികവിനും ആരോഗ്യ രക്ഷാ ഉപകരണങ്ങളുടെ സൂക്ഷിപ്പ്, എല്ലാമാസവും നടക്കുന്ന തിമിരശസ്ത്രക്രിയ ക്യാമ്പ്, തുടങ്ങി എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും വാടകയ്ക്ക് പ്രവർത്തിച്ചിരുന്ന കെട്ടിടവും സ്ഥലവും ഉടമസ്ഥർ വിൽക്കുവാൻ തീരുമാനിച്ച വിവരം അറിഞ്ഞപ്പോൾ നമുക്ക് ഏറ്റവും അനുയോജ്യമായ സ്ഥലം എന്ന സൗകര്യം കണക്കിലെടുത്ത് സ്വന്തമായി വാങ്ങുന്നത് ഉചിതമാണെന്ന് എല്ലാ പ്രവർത്തകരുടേയും ഏകകണ്ഠമായ അഭിപ്രായം കണക്കിലെടുത്ത് വാങ്ങുവാൻ നിശ്ചയിച്ച് മുന്നോട്ടുപോയി. മൊത്തവിലയായ 60 ലക്ഷം രൂപയും രജിസ്ട്രേഷൻ ഫീസ് ഉൾപ്പെടെ അറുപത്തിയാറര ലക്ഷം രൂപ (66.5 ലക്ഷം രൂപ) സമാഹരിയ്ക്കുന്നതിന് വേണ്ടിയുള്ള ശ്രമം വിജയപ്രദമായി. അതിലേക്ക് അംഗങ്ങളിൽനിന്നും അഭ്യുദയകാംക്ഷികളിൽനിന്നും 60 ലക്ഷം രൂപ പലിശയില്ലാ വായ്പയായി സമാഹരിയ്ക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷാവസാനം 44 ലക്ഷം രൂപ കൊടുത്തുതീർക്കുവാനുണ്ട്. സമൂഹം സേവാഭാരതിയെ എല്ലാ തരത്തിലും സർവ്വാത്മനാ സ്വീകരിച്ചതിന്റെ തെളിവായി ഈ കർമ്മത്തെ വിലയിരുത്താം. ഓഫീസിലേക്കും എല്ലാ പരിപാടികൾക്കും ഉപയോഗിക്കാൻ തരത്തിലുള്ള 26 കിലോ തൂക്കം വരുന്ന വലിയ ഒരു നിലവിളക്ക് നടവരമ്പ് ബെൽമെറ്റൽ വർക്സ് ഉടമ ശ്രീ. പി.എൽ. കൃഷ്ണയ്യർ സംഭാവനയായി നൽകിയത് ഏറെ നന്ദിയോടെ ഓർക്കുന്നു.

## സാകേതം സേവാനിലയം :

അശരണരായ അമ്മമാരുടെ സേവാകേന്ദ്രമായ സാകേതം സേവാനിലയം പ്രാദേശികമായ മാതൃസമിതി ഉൾപ്പെടെ 21 അംഗ നിർവ്വാഹ സമിതിയുടെ നേതൃത്വത്തിൽ പരിപാലനവും അന്തേവാസികളുടെ ക്ഷേമവും കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. ഇപ്പോൾ 12 അമ്മമാർ അന്തേവാസികളും 4 ജീവനക്കാരുമുണ്ട്. ഗോശാലയും സ്ഥാപനത്തോടനുബന്ധിച്ച് ഭംഗിയായി നടന്നുവരുന്നു. അമ്മമാരുടെ മാനസിക ഉല്ലാസത്തിനായി തൃപ്രയാർ ക്ഷേത്രദർശനം, സ്നേഹതീരം സന്ദർശനം എന്നിവയും അതിനോടനുബന്ധിച്ച് തൃപ്രയാർ സേവാഭാരതിയുടെ ലഘുഭക്ഷണവും, സ്നേഹതീരത്ത് തളിക്കുളം സേവാഭാരതിയുടെ സ്വീകരണവും ഉണ്ടായി.

സാകേതം സേവാനിലയം പശ്ചാത്തലമാക്കി കേസരി പത്രാധിപർ ഡോ. എൻ.ആർ. മധു സംവിധാനം ചെയ്ത അമ്മയുടെ കുട, എന്ന ടെലിഫിലിം സാകേതത്തിൽ പ്രദർശിപ്പിക്കുകയുണ്ടായി. നമ്മുടെ സ്ഥാപനത്തിന് ഏറെ പ്രചരണം ഇതുവഴി ലഭിക്കുകയുണ്ടായി. രാമായണമാസാചരണത്തോടനുബന്ധിച്ച് രാമായണപാരായണവും, ഭക്തി പ്രഭാഷണവും നടത്തുകയുണ്ടായി. നമ്മുടെ ജോ. സെക്രട്ടറി വി. സായ്റാം പ്രഭാഷണവും നടത്തി.

ഓണത്തോടനുബന്ധിച്ച് ഭരണസമിതി അംഗങ്ങളും അന്തേവാസികളും ചേർന്ന് ഓണാഘോഷം നടത്തുകയുണ്ടായി. തൃശൂർ ജില്ലാ വനിതാ ശിശുവികസന ഓഫീസർ ശ്രീമതി പി. മീര, കുഴിക്കാട്ടുകോണം വിമലമാതാ പള്ളി വികാരി ഫാ. സിനു അരിച്ചൂപറമ്പിൽ, ആർ.എസ്.എസ്. വിഭാഗ് സഹസംഘ്ചാലക് ശ്രീ. കെ.ജി. അച്ചുതൻ മാസ്റ്റർ, പ്രസിഡന്റ്, സെക്രട്ടറി, വാർഡ് കൗൺസിലർ ശ്രീമതി സരിത സുഭാഷ് തുടങ്ങിയവർ പങ്കെടുത്തു. എല്ലാ അച്ഛനമ്മമാർക്കും ഓണക്കോടി വിതരണവും കലാപരിപാടികളും കലാപരിപാടികളും, ഓണസദ്യയും നടന്നു. സാകേതത്തിന്റെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം പുതുക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിനായി ആവശ്യമായ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി തിരുവനന്തപുരം ഓഫീസിൽ നേരിൽ സമർപ്പിച്ചിട്ടുണ്ട്. സേവാനിലയത്തിന്റെ 6-ാം വാർഷികാഘോഷം കുഴിക്കാട്ടുകോണം എൽ.പി. സ്കൂൾ പ്രധാനാദ്ധ്യാപിക സിസ്റ്റർ സെലിൻ മരിയ ഉദ്ഘാടനം ചെയ്തു. സേവാഭാരതി തൃശൂർ ജില്ലാ സെക്രട്ടറി വി. പ്രദീപ്കുമാർ മുതിരപറമ്പിൽ മുഖ്യാതിഥിയായി അനുമോദനം നടത്തി. ആശ്രമത്തിലെ 70 വയസ്സ് പൂർത്തിയായ അമ്മമാരേയും ഗ്രാമത്തിലെ അമ്മമാരേയും ചടങ്ങിൽ ആദരിയ്ക്കുകയുണ്ടായി.

## സാമാജികം :

സെപ്തംബർ 17 ന് അന്താരാഷ്ട്ര സമുദ്രതീര ശുചീകരണപരിപാടിയിൽ സംസ്ഥാന സേവാഭാരതിയുടെ നിർദ്ദേശമനുസരിച്ച് നമ്മുടെ 10 പ്രവർത്തകർ സജീവമായി പെരിഞ്ഞനം കടപ്പുറത്ത് പങ്കെടുത്ത് സേവായജ്ഞത്തിൽ പങ്കാളികളായി.

തിരുവോണത്തിന്റെ ഭാഗമായി കൊടുക്കാറുള്ള ഭക്ഷ്യകിറ്റ് ഈ തവണ വീടുകളിൽ നേരിൽ സന്ദർശനം നടത്തി കൊടുക്കുകയുണ്ടായി. മൂന്ന് പേർക്കുള്ള കിറ്റുകൾ ഒഴിവാക്കുകയും പുതിയതായി 3 എണ്ണം അനുവദിക്കാനും ഇതിലേക്കായി സന്ദർശനം നടത്തി മെഡിസെൽ ഉപസമിതിയുടെ നിർദ്ദേശം നടപ്പിലാക്കുകയും ചെയ്തു. വിഷുവിനോട് അനുബന്ധിച്ച് കുഴിക്കാട്ടുകോണം ബോയൽ കോളനിയിൽ 15 പേർക്കും, ഷൺമുഖം കനാൽ പരിസരത്ത് 15 പേർക്കും പുടവയും 101 രൂപയും നൽകുകയുണ്ടായി. കേരള സിവിൽ സർവ്വീസ് പരീക്ഷയിൽ 66-ാം റാങ്ക് നേടിയ ഇരിങ്ങാലക്കുട അഖിൽ വി. മേനോനെ പ്രസിഡന്റ് ആദരിയ്ക്കുകയുണ്ടായി. മദ്രാസ് ഐ.ടി.ഐ. യിൽ നിന്നും മെറ്റലർജിക്കൽ & മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ പി.എച്ച്.ഡി. നേടിയ സ്വാതി മുരളിയെ ഓഫീസിൽ വെച്ച് പ്രസിഡന്റ് ആദരിയ്ക്കുകയുണ്ടായി. അന്താരാഷ്ട്ര യോഗദിനത്തിൽ

ജൂൺ 21 ന് സേവാഭാരതിയുടെ നേതൃത്വത്തിൽ ഗായത്രിഹാളിൽ യോഗദിനാചരണം നടത്തി. ഇൻഡ്യൻ യോഗ അസോസിയേഷൻ അംഗവും, ആയുഷ് മന്ത്രാലയത്തിൽ നിന്നും ബിരുദാനന്തര ബിരുദം നേടിയ ശ്രീമതി ഉഷ സുകുമാരൻ യോഗദിനത്തിന് നേതൃത്വം നൽകി. നാലമ്പല തീർത്ഥാടകർക്കായി കൂടൽമാണിക്യം ക്ഷേത്രത്തിൽ എത്തിച്ചേർന്ന ഭകതജനങ്ങൾക്ക് ശനി, ഞായർ ദിവസങ്ങളിൽ അന്നദാനം നടത്തുകയുണ്ടായി. ഏകദേശം 15,000 ത്തിലധികം പേർക്ക് അന്നദാനം നടത്തി.

ഗാന്ധിജയന്തി ദിനത്തിൽ സേവാഭാരതി പ്രവർത്തകർ സിവിൽ സ്റ്റേഷന്റ പരിസരം ശുചീകരണം നടത്തി. 20 പേർ പങ്കെടുത്തു. പൊറത്തുശ്ശേരി മഹാത്മാ സ്കൂൾ മാനേജർ ശ്രീ. സുശിതാംബരൻ ഉദ്ഘാടനം നടത്തുകയുണ്ടായി.

ലോക ടൂറിസം ദിനത്തോടനുബന്ധിച്ച് ശ്രീനഗറിലെ ലാൽചൗക്കിൽ നിന്ന് സെപ്തംബർ 27 ന് ആരംഭിച്ച ഏക് ഭാരത് – ശ്രേഷ്ഠ ഭാരത് എന്ന സന്ദേശവുമായി കിസാൻ ഭാരതിയുടെ നേതൃത്വത്തിൽ ഇൻക്രെഡിബിൾ ഇന്ത്യ റോളർ സ്കേറ്റിങ്ങ് യാത്രയ്ക്ക് 4480 കി. മീ. ദൂരം പിന്നിട്ട് 83–ാം ദിവസം ഇരിങ്ങാലക്കുടയിൽ എത്തിയ (19–12–22 ന് ) 20 അംഗസംഘത്തിന് സേവാഭാരതി സ്വീകരണം നൽകുകയുണ്ടായി. അവർക്ക് ഭക്ഷണവും സഹോദരിമാർക്ക് സാകേതത്തിൽ താമസസൗകര്യവും നൽകുകയുണ്ടായി. ദേശീയ സേവാഭാരതി കേരളത്തിന്റെ ജനുവരി 28, 29 തിയ്യതികളിൽ നടന്ന സേവാ സംഗമത്തോടനുബന്ധിച്ച് സ്വച്ഛ് കേരള ശുചീകരണയജ്ഞത്തിന്റെ ഭാഗമായി ആയുർവ്വേദ ആശുപത്രിയും സർക്കാർ താലൂക്ക് ആശുപത്രിയും വിപുലമായി ശുചീകരണം നടത്തി. 25 പ്രവർത്തകർ പങ്കെടുത്തു. കേരള നല്ല ജീവന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 2–ാം വാരത്തിൽ നടത്താറുള്ള സൈക്കിൾ പ്രചരണയാത്രയാത്രയ്ക്ക് 17–01–23 ന് കൂടൽമാണിക്യം ക്ഷേത്ര കിഴക്കേ നടയിൽ സ്വീകരണം നൽകുകയുണ്ടായി. ശേഷം യാത്രികർക്ക് ലഘുഭക്ഷണവും നൽകുകയുണ്ടായി. ലഹരിമുക്തകേരളം, ആരോഗ്യയുക്തകേരളം എന്ന സേവാസന്ദേശത്തിന്റെ ഭാഗമായി സേവാഭാരതി കുട്ടികൾക്കായി ഒരു സൗഹൃദഫുട്ബാൾ മത്സരം നടത്തുകയുണ്ടായി. പി.ടി.ആർ. കിക്ക് സ്റ്റാർട്ട് ടർഫിൽ നടന്ന മത്സരത്തിൽ 8 ടീമുകൾ പങ്കെടുത്തു. വിജയികൾക്ക് വാർഡ് കൗൺസിലർ ശ്രീമതി സരിത സുഭാഷ് സമ്മാനദാനം നടത്തി. സേവാഭാരതി ഭാരവാഹികളും സന്നിഹിതരായിരുന്നു. ഇന്റർനാഷണൽ കാർട്ടൂണിസ്റ്റ് അവാർഡ് നേടിയ ശ്രീ. മധു കൃഷ്ണൻ കേന്ദ്രസർക്കാരിന്റെ സി.സി.ടി.ആർ.ടി. യുവ കലാകാരന്മാർക്കുള്ള സ്കോളർഷിപ്പ് നേടിയ സൗപർണിക നമ്പ്യാർ എന്നിവരെ അവരുടെ വീടുകളിൽ എത്തി ആദരിയ്ക്കുകയുണ്ടായി. താലൂക്ക് ആശുപത്രി ഓപ്പറേഷൻ വാർഡിന്റെ മുൻഭാഗത്ത് സ്ഥാപിയ്ക്കുവാനായി സേവാഭാരതി 2 ഫാനുകൾ പ്രസിഡന്റ് ശ്രീ നളിൻബാബു ആശുപ്ത്രി സൂപ്രണ്ട് ഡോ. മിനിമോൾക്ക് കൈമാറി.

## സ്വാവലംബം :

ശ്രീ. രമേഷ് പി.ആർ., പാണാട്ടിൽ, മാപ്രാണം എന്ന വ്യക്തിയുടെ അപേക്ഷ പരിഗണിച്ച് സ്വയം തൊഴിൽ എന്ന നിലയിൽ വീടിനോട് ചേർന്നുള്ള ചെറിയ വിൽപനശാലയ്ക്ക് സാമ്പത്തിക സഹായമായി 2000 രൂപ നൽകുകയുണ്ടായി. സാകേതത്തിലെ കറവ പശുവിനെ, പശുവിനെ വളർത്തുന്ന മുരിയാട് ആനന്ദപുരത്തെ ശിവൻ എന്ന വ്യക്തിയ്ക്ക് സൗജന്യമായി നൽകി. ഒരു പശുകുട്ടിയെ തിരികെ തരണമെന്ന വ്യവസ്ഥയിലാണ് പശുവനെ കൈമാറിയത്.

പേപ്പർബാഗ് നിർമ്മാണത്തിൽ പരിശീലനം ഓഫീസിൽ വച്ച് നൽകുകയുണ്ടായി. ഗാന്ധിയൻ സ്ഥാപനമായ സർവ്വോദയകേന്ദ്രത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം മിത്രനികേതന്റെ സാങ്കേതിക സഹായത്തോടെയാണ് പരിപാടി നടത്തിയത്. സ്വാവലംബം സംയോജകൻ ശ്രീ. ഐ.കെ. ശിവാനന്ദൻ നേതൃത്വം നൽകി. പരിശീലനപരിപാടിയിൽ 30 പേർക്ക് പരിശീലനം നൽകി.

## സുമാർഗ്ഗ് :

സേവാഭാരതിയുടെ കൈവശമുള്ള കാറളത്തെ 30 സെന്റ് സ്ഥലത്ത് ഒരു മദ്യവിമുക്തി ചികിത്സാകേന്ദ്രവും, കൗൺസിലിങ്ങും തുടങ്ങുവാനുള്ള പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി മണപ്പുറം ഫൗണ്ടേഷന് സമർപ്പിയ്ക്കുകയും 10 ലക്ഷം രൂപ അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് പ്രവർത്തനം തുടങ്ങിയാൽ ഈ തുക അനുവദിയ്ക്കാമെന്ന് ചെയർമാൻ ശ്രീ. വി.പി. നന്ദകുമാർ വാക്ദാനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തോടും സ്ഥാപനത്തോടും ഉള്ള കൃതജ്ഞത ഈ അവസരത്തിൽ അറിയിക്കുന്നു. സമൂഹത്തിൽ നിന്ന് പല ആവശ്യങ്ങൾ വന്നപ്പോൾ പലർക്കായി കൗൺസിലിങ്ങ് നടത്തിക്കൊടുത്തത് ഏറെ ഫലപ്രദമായിരുന്നു.

## ബോധിനി സേവാകേന്ദ്രം

മാനസിക രോഗിയായ എടക്കുളത്തെ കുടുംബത്തിലെ സഹോദരനേയും സഹോദരിയേയും പൂമംഗലം സേവാഭാരതിയുടെ മേൽനോട്ടത്തിൽ സംരക്ഷണം നൽകുന്നുണ്ട്. ആയതിലേക്ക് സംരക്ഷണസേവനം ചെയ്യുന്ന വ്യക്തിക്ക് പ്രതിമാസം 7000 രൂപ, ഇരിങ്ങാലക്കുട സേവാഭാരതി നൽകുന്നുണ്ട്. ബാക്കി ചിലവുകൾ പൂമംഗലം സേവാഭാരതി നൽകിവരുന്നു.

## സ്വാശ്രയനിലയം :

കാട്ടൂരിലെ സ്വാശ്രയനിലയത്തിന്റെ പ്രവർത്തന ചുമതല പൂർണ്ണമായും കാട്ടൂർ സേവാഭാരതിയ്ക്ക് കൈമാറി. എന്നാൽ നവംബർ മാസം ഉൾപ്പെടെ ഉള്ള ചിലവുകൾ നൽകുകയുണ്ടായി. അവിടെ കുട്ടികളെ കൊണ്ട് വരുന്ന വാഹനത്തിന്റെ ഇൻഷൂറൻസ് തുകയും സേവാഭാരതി ഇരിങ്ങാലക്കുടയിൽ നിന്ന് നൽകിയിട്ടുണ്ട്.

## ആംബുൻസ് :

2 ആംബുലൻസും 1 ഫ്രീസറും സേവനം നടത്തുന്നുണ്ട്. 2 ഡ്രൈവർമാർ സേവനടത്തുന്നു. പ്രവർത്തനവർഷത്തിൽ ഒരു ലക്ഷം രൂപയുടെ സൗജന്യസേവനം നൽകിയിട്ടുണ്ട്. തൃശൂർ ജില്ലാ അധികൃതരുടെ അഭ്യർത്ഥന പരിഗണിച്ച് സ്കൂൾ കലോത്സവത്തോട് അനുബന്ധിച്ച് ഇരിങ്ങാലക്കുട നടന്ന കലോത്സവ ദിവസങ്ങളിൽ സൗജന്യമായി ആംബുലൻസ് സേവനം ലഭ്യമാക്കി.

## വിദ്യാഭ്യാസ സമിതി–

വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ 2022 – 2023 വർഷത്തിൽ അർഹരായ 30 വിദ്യാർത്ഥികൾക്ക് പഠന സാമഗ്രികളടങ്ങുന്ന ബാഗ് ഉൾപെടെ കിറ്റ് വിതരണം ചെയ്യുകയുണ്ടായി. ഉദ്ദേശം ഒരു കിറ്റിന് 1000 രൂപ വിലവരുന്നതാണ് നൽകിയത്. ഉദാരമതികൾ മുഴുവൻ തുകയും സംഭാവനയായി നൽകുകയുണ്ടായി. +2 പരീക്ഷയിൽ എല്ലാ വിഷയത്തിലും A+ നേടിയ അനുഷ്ക സുരേഷിനെ അനുമോദിക്കുകയും പാരിതോഷികം നൽകുകയും ഉണ്ടായി. നഴ്സിങ്ങ് പഠനത്തിനായി അപേക്ഷനൽകിയ തേലപ്പിള്ളി താര എന്ന വിദ്യാർത്ഥിക്ക് 5000 രൂപ ഫീസ് നൽകി. മൂർക്കനാടുള്ള പ്രീജ രമേഷിന്റെ മക്കൾക്ക് ധനസഹായമായി 2000 രൂപയും പഠന കിറ്റും നൽകുകയുണ്ടായി. ലഹരിവിമുക്തി എന്ന വിഷയം ആസ്പദമാക്കി കുട്ടികൾക്കായി ചിത്രരചനാമത്സരം നടത്തി. പത്ത് കുട്ടികൾ പങ്കെടുക്കുകയും കുട്ടികൾക്ക് ശ്രീ. നന്ദൻമാസ്റ്റർ പ്രോത്സാഹനസമ്മാനം നൽകുകയും

ചെയ്തു. വിദ്യാർത്ഥികൾക്ക് ഗണിതത്തിൽ കൂടുതൽ മികവ് ഉണ്ടാക്കുന്നതിനായി ഓഫീസിൽ വെച്ച് ശ്രീ. ടി.എൻ. രാമചന്ദ്രൻ ക്ലാസ് നൽകുകയുണ്ടായി. വിദ്യാർത്ഥികൾ ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടുന്നതിന് സാകേതത്തിൽ വെച്ച് പ്രത്യേക പരിശീലനവും കൗൺസിലിങ്ങും നടത്തുകയുണ്ടായി. അദ്ധ്യാപകൻ ജി. സതീഷ് മാസ്റ്റർ ട്രെയിനർ ശ്രീമതി സിനി രാജേഷ് എന്നിവർ പങ്കെടുത്തു. എഡ്യൂകെയർ, ദുബായ് എന്ന സംഘടനയുമായി സഹകരിച്ച് നിർദ്ധനരായ 5 വിദ്യാർത്ഥികൾക്ക് 5000 രൂപ വീതം സഹായധനം നൽകുകയുണ്ടായി.

## അന്നദാന സമിതി : ആശുപത്രി അന്നദാനം :

നമ്മുടെ അടിസ്ഥാന പ്രവർത്തനവും സമൂഹത്തിലെ ഏറ്റവും നിർദ്ധനരായവർക്ക് സഹായമെത്തിക്കുന്ന പ്രവർത്തനമാണല്ലോ ആശുപത്രിയിലെ അന്നദാനം, നിത്യേന വൈകുന്നേരങ്ങളിൽ നടന്നുവരുന്നു. കഴിഞ്ഞ വർഷം നാം മുന്നോട്ട് വച്ച 365 ദിവസത്തേക്കുമുള്ള അന്നദാനനിധി സ്വരൂപണം ലക്ഷ്യത്തിൽ എത്തിച്ചേർന്നിട്ടില്ല.

നാലമ്പല തീർത്ഥാടകർക്കായി കൂടൽമാണിക്യക്ഷേത്രത്തിൽ എത്തുന്ന ഭക്തർക്ക് മുടക്ക ദിവസങ്ങളായ 9 ദിവസം അന്നദാനം നടത്തുകയുണ്ടായി. ഉദ്ദേശം 15,000 ത്തിലധികം പേർക്ക് സേവനം നൽകാൻ സാധിച്ചിട്ടുണ്ട്. ഈ സൽക്കർമ്മത്തിന് സഹകരിച്ച എല്ലാ സജ്ജനങ്ങളോടും നന്ദിയും സന്തോഷവും അറിയിക്കുന്നു. ഓണാഘോഷത്തോടനുബന്ധിച്ച് താലൂക്ക് ആശുപത്രിയിൽ മുൻവർഷങ്ങളെപ്പോലെ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും ആശുപത്രി സേവകർക്കും ഓണസദ്യനൽകുകയുണ്ടായി. 150 ലധികം പേർ ഭക്ഷണം കഴിയ്ക്കുകയുണ്ടായി. പ്രസ്തുത ചടങ്ങ് റോട്ടറി ക്ലബ്ബ് പ്രസിഡന്റ് ശ്രീ. ഡേവീസ് കാരപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. 08-01-2023 ആശുപത്രി അന്നദാനത്തിന്റെ 16-ാം വാർഷികം ഓഫീസ് പരിസരത്തുവച്ച് സമുചിതമായി ആചരിയ്ക്കുകയുണ്ടായി. ശ്രീ. ടി.വി. സെബാസ്റ്റ്യൻ, ഡയറക്ടർ ഓഫ് റോട്ടറി ഇന്റർനാഷണൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. സേവാഭാരതി ജില്ലാ സെക്രട്ടറി സി.എം. പ്രേമാനന്ദ് ആർ.എസ്.എസ്. വിഭാഗ് സേവാപ്രമുഖ് കെ.വി. ലാലേഷ്, വ്യാപാരി വ്യവസായി സമിതി പ്രതിനിധികളായ ശ്രീ. മണിമേനോൻ, റസിഡൻഡ് അസോസിയേഷൻ പ്രസിഡന്റ് അയ്യപ്പൻ പണിക്കവീട്ടിൽ, ശ്രീ. രമണൻ, ശ്രീ. ബാലകൃഷ്ണൻ മാസ്റ്റർ, ശ്രീമതി ദുർഗ്ഗാ ശ്രീകുമാർ, ശ്രീ. ടി. ഉണ്ണികൃഷ്ണൻ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. അന്നദാന സമിതി ഭാരവാഹികളും മറ്റു സമിതി ഭാരവാഹികളും പങ്കെടുത്തു.

കൂടൽമാണിക്യം ക്ഷേത്രോത്സവം, വിശ്വനാഥപുരം കാവടി മഹോത്സവം എന്നിവയോട് അനുബന്ധിച്ച് സംഭാരവിതരണം നടത്തുകയുണ്ടായി. വഴിയാത്രക്കാർക്ക് ബസ് സ്റ്റാന്റ് പരിസരത്ത് ഫെബ്രുവരി മാസം മുതൽ ജൂൺ 15 വരെ കുടിവെള്ളസൗകര്യമൊരുക്കുകയുണ്ടായി.

1. മാസംതോറും നിർദ്ധനരായവർക്ക് 40 ഭക്ഷ്യകിറ്റുകൾ മുടങ്ങാതെ നൽകിവരുന്നുണ്ട്. അത്യാവശ്യക്കാർ അപേക്ഷയുമായി വരുന്നുണ്ടെങ്കിലും സാമ്പത്തിക പരിമിതികൾമൂലം കൂടുതൽ കൊടുക്കുവാൻ കഴിയുന്നില്ല.
2. സേവാഭാരതി ജില്ലാ സമ്മേളനത്തിൽ സമിതിയെ പ്രതിനിധീകരിച്ച് 5 പേർ പങ്കെടുക്കുകയുണ്ടായി.
3. ദേശീയ സേവാഭാരതി അഖിലഭാരതിയെ സേവാസംഗമത്തോട് അനുബന്ധിച്ച് ജയ്പൂരിൽ നടന്ന 3 ദിവസത്തെ സമ്മേളനത്തിൽ ശ്രീ. ഒ.എൻ. സുരേഷ് പങ്കെടുക്കുകയുണ്ടായി.
4. FCRA, 80 G നിയമങ്ങളെ കുറിച്ചുള്ള ഒരു ദിവസത്തെ ഡെൽഹിയിൽ നടന്ന പഠനക്യാമ്പിൽ പി.കെ. ഉണ്ണികൃഷ്ണൻ , കെ.ആർ. സുബ്രഹ്മണ്യൻ എന്നിവർ പങ്കെടുത്തു.
5. സംഗമേശ്വര വാനപ്രസ്ഥാശ്രമത്തിന്റെ നിർമ്മാണ നിധിയിലേക്ക് കേന്ദ്രസഹായം ലഭ്യമാക്കുന്ന

തിന് കേന്ദ്രധനകാര്യമന്ത്രി ബഹു. ശ്രീമതി നിർമ്മല സീതാരാമനെ തിരുവനന്തപുരത്ത് പോയി ശ്രീ. നളിൻബാബു, ഒ.എൻ. സുരേഷ്, ഉണ്ണികൃഷ്ണൻ എന്നിവർ നിവേദനം നൽകുകയുണ്ടായി.

6. അട്ടപ്പാടി വിവേകാനന്ദ മിഷൻ ആശുപ്ത്രിയിലേക്ക് ഡോക്ടർമാരിൽനിന്നും സംഭരിയ്ക്കുന്ന മരുന്നുകൾ വേർതിരിച്ച് പലപ്രാവശ്യം അയച്ചുകൊടുക്കുകയുണ്ടായി.

7. ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് ഓഫീസിൽ ദേശീയ പതാക ഉയർത്തുകയുണ്ടായി. പോസ്റ്റോഫീസിൽ നിന്നും 50 ദേശീയ പതാകകൾ ഏറ്റുവാങ്ങി കുഴിക്കാട്ടുകോണം ബോയൻകോളനി, ഷൺമുഖം കനാൽ കോളനി എന്നിവിടങ്ങളിൽ പതാക ഉയർത്തുന്നതിനായി നൽകുകയുണ്ടായി.

8. പാലക്കാട് നടന്ന സേവാസംഗമത്തോട് അനുബന്ധിച്ച് ഉള്ള സേവാസംഗമത്തിൽ സെക്രട്ടറിയും ട്രഷററും പങ്കെടുത്തു. മുന്നോടിയായി ലഹരിമുക്ത കേരളം ആരോഗ്യയുക്ത കേരളം എന്ന സമൂഹ ബോധവത്ക്കരണ സമ്പർക്ക യജ്ഞത്തിന്റെ ലഘുലേഖകളുമായി 300 ഓളം കുടുംബങ്ങളിൽ സമ്പർക്കം നടത്തുകയുണ്ടായി.

9. കിടപ്പുരോഗിയായ മാപ്രാണം പത്താഴക്കാട്ടിൽ ഷാജുവിനെ ഇരിങ്ങാലക്കുട ആർ.ഡി.ഒ. യും, സാമൂഹ്യനീതിവകുപ്പ് ഓഫീസർ ശ്രീമതി ദിവ്യയും ചേർന്ന് വാനപ്രസ്ഥാശ്രമത്തിൽ പ്രവേശിപ്പിയ്ക്കുകയുണ്ടായി. ശ്രീ. ഷാജുവിനെ ആശ്രമത്തിൽ പരിപാലിച്ചുവരുന്നു.

10. സാകേതത്തിലും വാനപ്രസ്ഥത്തിലും ലഭിച്ച അധികമായി സൂക്ഷിച്ചിരുന്ന 110 സെറ്റ് ഓണക്കോടികൾ പിന്നോക്ക കോളനിയിലും വാർഡുകളിലെ അവശത അനുഭവിക്കുന്നവർക്കുമായി വിതരണം ചെയ്തു.

### മെഡിസെൽ :

ഈ പ്രവർത്തനവർഷത്തിൽ നാം സമൂഹത്തിന് ഏറ്റവും ഉപകാരപ്രദമായ സൗജന്യ നേത്ര പരിശോധനയും ശേഷം സൗജന്യ തിമിര ശസ്ത്രക്രിയാ ക്യാമ്പും തുടങ്ങുകയുണ്ടായി. ലയൺസ് ക്ലബ്ബ് ജില്ലാ അഡ്വൈസറും കൊമ്പൊടിഞ്ഞാമാക്കൽ പി.എൽ. തോമൻ ഫൗണ്ടേഷൻ ഡയറക്ടറുമായ ശ്രീ. ജോൺസൺ കോലങ്കണ്ണിയുടെ മുഖ്യ സംഘാടനത്തിൽ നടന്ന ക്യാമ്പുകളിൽ നൂറുകണക്കിന് പേർ പങ്കെടുക്കുന്നുണ്ട്. മാസത്തിലെ അവസാനത്തെ ശനിയാഴ്ച നടക്കുന്ന ക്യാമ്പ് ഒട്ടേറെ പേർക്ക് സഹായമായിട്ടുണ്ട്. നാളിതുവരെ 24 ക്യാമ്പുകളും ഉദ്ദേശം 1750 ലധികം പേർക്ക് സൗജന്യമായി ശസ്ത്രക്രിയയും ഒരുക്കിക്കൊടുക്കാൻ കഴിഞ്ഞു എന്നത് നമുക്ക് ഏറെ ചാരിതാർത്ഥ്യവും സന്തോഷവും പ്രദാനം ചെയ്യുന്നു. പങ്കെടുത്ത ഓരോരുത്തരും കൂടുതൽ പേരെ പ്രേരണ കൊടുത്ത് ക്യാമ്പിലേക്ക് എത്തിക്കുന്നു എന്നത് സേവാഭാരതി പ്രവർത്തകരുടെ കൂടി സന്നദ്ധ പ്രവർത്തനത്തിനുള്ള അംഗീകാരമാണ് എന്നുകണക്കാക്കാവുന്നതാണ്.

എല്ലാ മാസത്തിലും നേതൃപരിശോധനാക്യാമ്പിന് പുറമെ തൃശൂർ ദയാ ആശുപത്രിയുമായി സഹകരിച്ച് 3 സൗജന്യ കേൾവി പരിശോധനാ ക്യാമ്പും സംഘടിപ്പിക്കുകയുണ്ടായി. എടക്കുളം പള്ളിപ്പുറത്ത് കാൻസർ രോഗിയായ വത്സല ശിവദാസിന് സേവാഭാരതിയുടെ ധനസഹായം നൽകുകയുണ്ടായി. ഒരുവർഷം പൂർത്തിയാക്കിയ നേതൃപരിശോധനാ ക്യാമ്പിന്റെ ചടങ്ങിൽ ഡോ. കെ.സി. രജനി, Prof. of Opthalmology, ഗവ. മെഡിക്കൽ കോളേജ് മഞ്ചേരി, ശ്രീ. ജോൺസൺ കോലങ്കണ്ണി, തുടങ്ങിയ പ്രമുഖ വ്യക്തികൾ പങ്കെടുക്കുകയുണ്ടായി. ഇത്രയും ക്യാമ്പുകൾ വിജയകരമായി നടത്തിയതിന് ഐ ഫൗണ്ടേഷന്റെ ഉപഹാരം മെഡിക്കൽ കൺവീനർ ശ്രീ. ഒ.എൻ. സുരേഷ് ഏറ്റുവാങ്ങി. തെരുവിൽ കഴിയുന്ന 5 പേർക്ക് സേവാഭാരതി മെഡിസെൽ നേതൃത്വത്തിൽ ഓണക്കോടി വിതരണം ചെയ്തു.

അപകടത്തിൽ ചികിത്സയിലുള്ള കാറളം കല്ലിങ്ങാട്ടിൽ ശ്രീ. അനന്തുവിന് നമ്മുടെ ചികിത്സാ സഹായം 3000 രൂപ നൽകുകയുണ്ടായി.

ഡിസംബർ മാസത്തിൽ 4-12-2022, തൃശൂർ ഐ.എം.എ. യുടെ നേതൃത്വത്തിൽ HDFC ബാങ്കിന്റെ സാമ്പത്തിക സഹകരണത്തോടെ രക്തദാനക്യാമ്പ് നടത്തുകയുണ്ടായി. പൊറത്തിശ്ശേരി കണ്ഠാരന്തറ മൈതാനത്ത് നടന്ന ക്യാമ്പിൽ പൊറത്തിശ്ശേരി മെഡിക്കൽ ഓഫീസർ ഡോ. രാധാകൃഷ്ണൻ, HDFC മാനേജർ ശ്രീ. സുധീപ് പി.എസ്., തുടങ്ങിയ പ്രമുഖ വ്യക്തികൾ പങ്കെടുത്തു. ക്യാമ്പിൽ 30 പേർ രക്തദാനം നടത്തി.